**Rs. 25/-**

**Keraleeyam**

2019 November Vol. 20 Issue 11


'ഹാരിസൺസ്: രേഖയില്ലാത്ത ജന്മി' എന്ന പുസ്തകം പ്രകാശനം ചെയ്തുകൊണ്ട്
ഒക്ടോബർ 10ന് നടത്തിയ പ്രഭാഷണത്തിൽ നിന്നും

# ഇത് കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ അഴിമതി

**വി.എം. സുധീരൻ**



**കേരളം** ചർച്ച ചെയ്യേണ്ട വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് 'ഹാരിസൺസ്: രേഖയില്ലാത്ത ജന്മി' എന്ന ഈ പുസ്തകത്തിലൂടെ ആർ. സുനിൽ ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ 2011 മുതൽ വളരെ സജീവമായി എന്നാൽ കഴിയും വിധം ഇടപെടുന്ന ഒരു പൊതു പ്രവർത്തകനാണ് ഞാൻ. 2011ൽ അന്നത്തെ റവന്യൂമന്ത്രിയായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ചെയ്ത ഒരു നല്ല കാര്യം സർക്കാരിന് വേണ്ടി ഹൈക്കോടതിയിൽ ഹാരിസൺസ് കേസ് വാദിക്കാൻ അഡ്വക്കേറ്റ് സുശീല ഭട്ടിനെ ചുമതലപ്പെടുത്തി എന്നതാണ്. ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന അഞ്ചരലക്ഷം ഏക്കർ ഭൂമി സർക്കാരിന് അവകാശപ്പെട്ടതാണെന്ന് നിരവധി അന്വേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ടല്ലോ. അതിനർത്ഥം നിയമവ്യവസ്ഥയെ തന്നെ വെല്ലുവിളിച്ചുകൊണ്ടാണ് ഹാരിസൺസ് ഈ ഭൂമി അവരുടെ കൈവശം വച്ചിരിക്കുന്നത് എന്നാണ്. അഡ്വ. സുശീല ഭട്ട് വളരെ ഭംഗിയായി അവരെ ഏൽപ്പിച്ച ചുമതല കോടതിയിൽ നിറവേറ്റി. അതുകൊണ്ടുതന്നെയാണ് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി ഇക്കാര്യത്തിൽ സർക്കാരിന് അനുകൂലമായി വന്നത്. കാര്യങ്ങൾ ഭംഗിയായി മുന്നോട്ടുപോകുമ്പോഴാണ് കേരളത്തിൽ ഭരണമാറ്റമുണ്ടാകുന്നത്. ഇടതു സർക്കാർ അധികാരത്തിൽ വന്നയുടൻ ചെയ്തത് സുശീല ഭട്ടിനെ തത്സ്ഥാനത്ത് നിന്നും നീക്കം ചെയ്യുക എന്നതായിരുന്നു. പിന്നീട് കാണാൻ കഴിഞ്ഞത് ഹാരിസൺസ് കേസുകളിൽ സർക്കാരിന് നിരന്തരം തിരിച്ചടിയുണ്ടാകുന്ന കാഴ്ചാണ്. ഒടുവിൽ കേസ് ഡിവിഷൻ ബഞ്ചിൽ വന്നപ്പോൾ സർക്കാർ തോറ്റുകൊടുക്കുകയും ചെയ്തു. ഹാരിസൺസിനെതിരായ കമ്മീഷൻ റിപ്പോർട്ടുകളും ക്രൈംബ്രാഞ്ച്-വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളും ഹൈക്കോടതിയിൽ ഹാജരാക്കി വാദിക്കുന്നതിന് പകരം ദുർബലമായ വാദത്തിലൂടെ കേസ് മനഃപൂർവ്വം തോൽക്കുക തന്നെയായിരുന്നു. ഇത് ഞാൻ കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നതല്ല. ഏത് സർക്കാരാണ് ഭരിക്കുന്നതെങ്കിലും ഈ നടപടിയെ ഞാൻ തുറന്നെതിർക്കുമായിരുന്നു. ജഡ്ജ് ലോയയുടെ കേസ് സീനിയോറിറ്റി മറികടന്നുകൊണ്ട് ഒരു ബഞ്ചിനെ ഏൽപ്പിച്ച നടപടിക്കെതിരെയാണ് സുപ്രീംകോടതിയിലെ മുതിർന്ന ജഡ്ജിമാർ പരസ്യമായി പ്രതികരിച്ചത്. ഹാരിസൺസ് കേസിലും സമാനമായ രീതിയിൽ സീനിയോരിറ്റി മറികടന്നുകൊണ്ടാണ് ബഞ്ചിനെ നിശ്ചയിച്ചത്. ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തിലെ പല പരാമർശങ്ങളും ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ക്ഷേമരാഷ്ട്രത്തിന്റെ നിലനിൽപ്പിന് കോർപ്പറേറ്റുകളുടെ സാന്നിധ്യം ആവശ്യമാണെന്നാണ് ജഡ്ജി പറഞ്ഞത്. സർക്കാരിന് ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സിവിൽ കോടതിയെ സമീപിക്കുക എന്നതാണ് കോടതി മുന്നോട്ടുവച്ച നിർദ്ദേശം. സുപ്രീംകോടതിയും ഇത് അംഗീകരിക്കുകയുണ്ടായി. പക്ഷെ നമ്മൾ ഉന്നയിക്കേണ്ടത് നിയമനിർമ്മാണത്തിലൂടെ ഹാരിസൺസ് ഭൂമി സർക്കാർ ഏറ്റെടുക്കുക എന്നതാണ്. എന്നാൽ സിവിൽ കോടതിയെ സമീപിക്കാൻ പോലും സർക്കാർ ഇതുവരെ സന്നദ്ധമായിട്ടില്ല എന്നതാണ് സത്യം. ഭൂമിയുടെ അവകാശം ഹാരിസൺസിന് സ്ഥാപിച്ചെടുക്കാൻ കഴിയുന്നവിധത്തിൽ അവരിൽ നിന്നും കരംപിരിക്കാൻ പോവുകയാണ് സർക്കാർ. ഇതിന്റെ പിന്നിൽ വലിയ ഗൂഢാലോചനയുണ്ട്. അതുകൊണ്ടുതന്നെയാണ് കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ അഴിമതിയാണ് ഹാരിസൺസ് ഭൂമി പ്രശ്നം എന്ന് ഞാൻ ആവർത്തിച്ചു പറയുന്നത്. ■




**കേരളീയം പുസ്തകശാലയുടെ പുതിയ പുസ്തകം**

ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ
നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ചെറുവിരലനക്കാൻ പോലും
കഴിയാത്ത ഭരണ - രാഷ്ട്രീയ അപചയങ്ങളുടെ ചരിത്രത്തിലേക്ക്
വഴിതുറക്കുന്ന ആദ്യ പുസ്തകം.

**ഹാരിസൺസ്: രേഖയില്ലാത്ത ജന്മി**

**ആർ. സുനിൽ**

**വില: 240 രൂപ. പേജ്: 260**

**കോപ്പികൾക്ക്: 0487 2421385,8943221148. mailkeraleeyam@gmail.com**

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com